3. Advance To Implementing Officers എന്ന ഹെഡിൽ 896507 രൂപ ക്രമീകരിക്കാനുണ്ട്. രജിസ്റ്റർ പ്രകാരം 2019-20 മുതലുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

G.O(p)419/2011/Fin/4.10.2011, G.O(P)5/2020/fin/9.1.2020 എന്നിവ പ്രകാരം താൽക്കാലിക അഡ്വാൻസുകൾ (KFC Article 99) മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 18 % നിരക്കിൽ പലിശ ഈടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ഓഡിറ്റ് എൻക്വയറി - 22/20.9.25 ന് മറുപടിയായി രജിസ്റ്റർ പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മുൻകൂറായി നൽകുന്ന തുകകൾ കാലാവധിക്കകം ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിയമാനുസൃത സമയപരിധിക്കകം തുക ക്രമീകരിക്കാനുള്ള രേഖകൾ ലഭ്യമാക്കാത്തവരിൽ നിന്നും 18% പലിശ സഹിതം മുൻകൂറായി അനുവദിച്ച തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 സാമ്പത്തിക നില

2024-25 ലെ RP-40 B, B-17 എന്നിവ പ്രകാരം Cash & Bank Balance – 2,62,41,593 രൂപയാണ്. B-4 പ്രകാരമുള്ള ബാധ്യതകൾ 2,64,02,339 രൂപയുമാണ്. കൂടാതെ B-7 പ്രകാരം 71777 രൂപ Deposits Received, 1581367 രൂപ Other Liabilities എന്നീ ബാധ്യതകളുമുണ്ട്. നീക്കിയിരുപ്പിനേക്കാൾ കൂടുതൽ തുക ബാധ്യതയായി കാണുന്നു. എന്നാൽ തനത് ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ ഏറ്റെടുത്തതായും കാണുന്നു. സുലേഖ പ്രകാരം തൻവർഷം 39,80,597 രൂപ തൻ വർഷം പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

തനത് ഫണ്ട് ചെലവുകൾ നിയന്ത്രിക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്

മീറ്ററിംഗ് നടപ്പിലാക്കിയിട്ടില്ലാത്ത തെരുവുവിളക്കുകളുടെ കറന്റ് ചാർജായി കൺസ്യൂമർ നമ്പർ 1165424005986 പ്രകാരം (10/2024-ലെ ബിൽ പ്രകാരം) 43777 രൂപയാണ് കെ.എസ്.ഇ.ബി. സെക്ഷനിൽ അടവാക്കുന്നത്. തെരുവുവിളക്കുകളുടെ മീറ്ററിംഗിനായി കെ.എസ്.ഇ.ബി-യിൽ 175/25 നമ്പർ പ്രൊജക്ട് പ്രകാരം 259880 രൂപ നിക്ഷേപിക്കുകയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിലെ എല്ലാ തെരുവു വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് തുക നിക്ഷേപിച്ചിരുന്നോ എന്ന് വ്യക്തമല്ല.

നിലവിലും മീറ്റർ സ്ഥാപിക്കാത്ത തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20.9.25) മറുപടിയായി GIS മാപ്പിംഗ് പദ്ധതി നടന്നുവരുന്നതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ കണക്കുകൾ ലഭ്യമാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദേശങ്ങൾ**

1.ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2.തെരുവ് വിളക്ക് മെയിന്റനൻസിനായി 18 W LED മാത്രമാണ് വാങ്ങിയിട്ടുള്ളത്. അതിനാൽ പ്രസ്തുത ഇനം വിളക്കുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാണ്.

മീറ്ററിംഗ് ബാധകമാക്കിയിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് നിലവിലുള്ള ബൾബിന്റെ തരം അനുസരിച്ചുള്ള കൃത്യമായ താരിഫ് അടിസ്ഥാനമാക്കിയുള്ള പ്രതിമാസ നിരക്ക് മാത്രമാണ് ഈടാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 ടെണ്ടർ ഫീ വരവ് തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള SBI- 37290277307 നമ്പർ ബാങ്ക് അക്കൗണ്ടിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 10-9-25 ന് 289604 രൂപ ബാലൻസ് ഉണ്ട്. സമയബന്ധിതമായി പഞ്ചായത്ത് ഫണ്ടിലേക്ക് ഈ തുക കൈമാറിയിട്ടില്ല. ഇ ടെണ്ടർ ഫീസ് ലഭിക്കുന്നതിന് അനുസരിച്ച് ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക മുഴുവൻ പഞ്ചായത്ത് അക്കൗണ്ടിൽ / വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ടെണ്ടർ ഫീ ഇനത്തിലുള്ള വരവുകൾ കാലതാമസം കൂടാതെ നിശ്ചിത ഇടവേളകളിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

**ആസ്തി രജിസ്റ്റർ പൂർണ്ണമല്ല**

ഗ്രാമപഞ്ചായത്തിലെ റോഡുകൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭ്യമായ തുകയിൽ ഒരു കോടിയോളം രൂപ കുറവ് വന്നതായി സെക്രട്ടറി അറിയിച്ചു. ആർ.ട്രാക്ക് അപ്ലിക്കേഷനിൽ ഉണ്ടായ സാങ്കേതിക പിഴവ് കാരണമാണ് ആസ്തികൾ പൂർണ്ണമായും ഡിജിറ്റലൈസ്ഡ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്നത്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ആസ്തി രജിസ്റ്റർ കൃത്യമാക്കി അർഹമായ തുക ഗ്രാന്റിനത്തിൽ ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്.

**ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20/01/2017 ലെ ജി.ഒ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആസ്തി സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അറ്റകുറ്റ പ്രവൃത്തികളുടെ കാര്യത്തിൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാതെയാണ് പദ്ധതി വർഷം പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിന് വേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. സ.ഉ.(കൈ) നം.84/2022 തീയതി 9.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-8 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

കൃത്യമായ ഇടവേളകളിൽ റോഡ് മെയിന്റനൻസ് നടത്താത്തത് കൊണ്ടാണ് റോഡ് മൊത്തമായി പൊളിച്ച് മാറ്റുന്ന റോഡ് സ്കാരിഫിക്കേഷൻ, പോട്ട് ഹോൾ ഫില്ലിംഗ് തുടങ്ങിയ ഇനങ്ങൾ റീടാറിംഗ് പ്രവൃത്തികളിലെല്ലാം ഉൾപ്പെടുത്തേണ്ടി വരുന്നത്. ഇതുമൂലം മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവ് കൂടുന്നു. ഇത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു. കൃത്യമായ ഇടവേളകളി® റോഡുകളുടെ മെയിന്റന® സ് നടപ്പിലാക്കി ഇത്തരം അധിക ചെലവ് ഒഴിവാക്കേണ്ടതാണ്.

**ജലജീവൻ മിഷൻ പദ്ധതിയും റോഡ് റിസ്റ്റോറേഷനും**

ഗ്രാമപഞ്ചായത്തിന്റെ 19.12.2023 ലെ 2/14 – തീരുമാനത്തിൽ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതിരുന്ന മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ഫയലിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നടന്നതാണ് പ്രവൃത്തി വൈകുന്നതിന് കാരണമായത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരാറുകാരുടെ പിഴവല്ല കാരണം എന്നും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയാതായി കാണുന്നു. ആയതിനാൽ തന്നെ വൈകി പൂർത്തിയായ പ്രവൃത്തികളിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്തിട്ടില്ല.

റോഡ് കട്ടിങ്ങ് മാനേജ്മെന്റിന് ഓൺലൈൻ പോർട്ടൽ സംവിധാനം ഒരുക്കുകയും വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ടെലികോം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ഈ പോർട്ടൽ ഉപയോഗപ്പെടുത്തണം എന്നും GO(MS) 9/2020/Pwd /30.07.2020 ഉത്തരവിലും, CEPWD/2675/2021-C4(W)/10.02.2023 സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതികൾക്ക് ഇപ്രകാരം പോർട്ടൽ മുഖേന അപേക്ഷ സ്വീകരിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല.

ജൽ ജീവൻ മിഷൻ മിഷൻ പദ്ധതിക്കായി റോഡ് കട്ട് ചെയ്യുന്നതിന് മുമ്പ് തന്നെ റോഡ് റസ്റ്റോറേഷൻ ചാർജ് സംബന്ധിച്ച വ്യക്തത വരുത്തേണ്ടതും അല്ലാത്ത പക്ഷം വാട്ടർ അതോറിറ്റി സ്വന്തം ചെലവിൽ റോഡ് പുനസ്ഥാപിച്ച് നൽകുന്നതാണ് എന്ന് അറിയിക്കുകയും വ്യക്തമായ കരാർ വെക്കേണ്ടതുമാണ്. റോഡ് കട്ടിങ്ങ് സംബന്ധിച്ച് ഇത്തരം നടപടികൾ പൂർത്തിയാക്കിയിതായി കാണുന്നില്ല.

വാർഷിക കണക്കിൽ റോഡ് റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ തുക വരവ് വന്നതായി രേഖപ്പെടുത്തിയിട്ടില്ല. 2023-24 വാർഷികകണക്കിലും ഈ ഇനത്തിൽ തുക വരവ് വന്നതായി രേഖപ്പെടുത്തിയിട്ടില്ല. റോഡ് കട്ട് ചെയ്യുന്ന ഏജൻസി റോഡ് പൂർവ സ്ഥിതിയിലാക്കുന്നതാണ് എന്ന് അറിയിച്ച കത്ത്, കരാർ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

നിലവിൽ കട്ട് ചെയ്ത റോഡുകൾ റിപ്പയർ ചെയ്യുന്നിനായി ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുന്നതായും തയ്യാറാക്കിയ പ്രോജക്ടുകൾ തന്നെ ജലജീവൻ മിഷൻ പ്രവൃത്തി കാരണം വൈകിയതായും ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. മാത്രമല്ല, വാട്ടർ അതോറിറ്റി റോഡ് പുനസ്ഥാപിക്കുന്നില്ല എന്നും കാണുന്നു. 30.1.24 ലെ ഭരണസമിതി തീരുമാനത്തിൽ ജലജീവൻ പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകളിൽ റീടാറിംഗ് സാധ്യമല്ലാത്തതിനാൽ Scarify ചെയ്ത് WMM, MSS എന്നിവ ഉൾപ്പെടുത്തി പ്രൊജക്ടുകൾ റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ റോഡിൽ, പഞ്ചായത്തിന്റെ അനുമതിയില്ലാതെ റോഡ് കട്ട് ചെയ്യുന്നതും തുടർന്ന് റോഡ് പുനസ്ഥാപിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തുന്നതും ക്രമപ്രകാരമല്ല. ഇപ്രകാരം റോഡ് റി-സ്റ്റോറേഷന് വേണ്ടി ചെലവാകുന്ന തുക വാട്ട®  അതോറിറ്റിയി®  നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടിക®  സ്വീകരിക്കേണ്ടതാണ്.

**<u>മോണിറ്ററിംഗ് കാര്യക്ഷമമാക്കണം</u>**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [19.04.2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ] ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും ഈ രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം

ഗ്രാമപഞ്ചായത്തിൽ 2022-23 (2021-22 വർഷത്തെ ഗ്രാന്റ്) വർഷം മുതലാണ് ആരോഗ്യമേഖലാഗ്രാന്റ് ലഭ്യമായി തുടങ്ങിയത്. പഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖേന നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ഒരു ആയുർവേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന് 5 ഉപകേന്ദ്രങ്ങളുണ്ട്. ധനവിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ (ബാങ്ക് ചാർജ് കുറവ് ചെയ്തത്) | ആകെ | ചെലവ് | ചെലവ് % | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 2021-22 | തുക വരവ് ഇല്ല | | | | | | |
| 2022-23 | ഇല്ല | 429647 | - | 429647 | 429647 | 100 | - |
| 2023-24 | ഇല്ല | 1228000 | - | 1228000 | 106868 | 8.7 | 1121132 |
| 2024-25 | 1121132 | - | - | 1121132 | 1121132 | 100 | - |
| ആകെ | | 1657647 | | 1657647* | 165747 | 100 | - |

(* മൂന്ന് വർഷങ്ങളിലെ ആകെ വരവ് എന്നത് മുൻ ബാക്കി ചേർക്കാത്ത തുക ആണ്)

**സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായം.**

ഈ ഇനത്തിൽ വർഷം 2021- 22 മുതൽ 2024-25 വരെ വരവില്ല.

**സ്കീം -3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | - | 285666 | - | 285666 | 285666 | - |
| 2023-24 | - | 863000 | - | 863000 | 22317 | 840683 |
| 2024-25 | 840683 | - | - | 840683 | 840683 | - |

**നടപ്പാക്കിയ പദ്ധതികൾ**

| **വർഷം** | **പ്രോജക്ട് നം/ പേര്** | **ചെലവഴിച്ച തുക** |
|---|---|---|
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (186) | 285666 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (230) | 22317 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (239) | 840683 |

**സ്കീം4-ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ**

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | - | 143981 | - | 143981 | 143981 | - |
| 2023-24 | - | 365000 | - | 365000 | 84551 | 280449 |
| 2024-25 | 280449 | - | - | 280449 | 280449 | - |

**നടപ്പാക്കിയ പദ്ധതികൾ**

| **വർഷം** | **പദ്ധതിയുടെ നം/ പേര്** | **ചെലവഴിച്ച തുക** |
|---|---|---|
| 2022-23 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (187) | 143981 |

| | | |
|---|---|---|
| 2023-24 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (231) | 84551 |
| 2024-25 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (240) | 280449 |

സ്കീം 3&4 പ്രകാരം പ്രാഥമികരോഗ്യ കേന്ദ്രത്തിലെ ലാബിലേക്ക് റീയേജന്റ്സ്, എക്യുപ്മെന്റ്സ് , ഫർണീച്ചർ, രജിസ്റ്റർ എന്നിവ വാങ്ങി. 2024-25 വർഷം ഹെൽത്ത് ഗ്രാന്റ് നീക്കിയിരുപ്പില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും അതാത് വർഷം തന്നെ വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .
- ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കുടുംബാരോഗ്യകേന്ദ്രത്തോടൊപ്പം ആരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

## 1-28 ജൽജീവൻ മിഷൻ -അവലോകനം

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024 പൂർത്തിയാകുമ്പോൾ കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്. ജന പങ്കാളിത്തത്തോടെ സമഗ്രവും ശാസ്ത്രീയവുമായ പ്രാദേശിക പദ്ധതികളിലൂടെ ഗ്രാമത്തിലെ എല്ലാ വീടുകളിലേക്കും എപ്പോഴും ശുദ്ധമായ കുടിവെള്ളം പ്രവർത്തന ക്ഷമമായ ടാപ്പിലൂടെ നൽകുക എന്നതു മാത്രമല്ല ഓരോ വീടിനും നിർദിഷ്ഠമായ ഗുണമേന്മയോടുകൂടി ദീർഘകാലത്തേക്ക് മുടങ്ങാതെ നൽകുക എന്നതാണ് ജലജീവൻ മിഷന്റെ ലക്ഷ്യം.

ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു. ജലജീവൻ മിഷൻ പ്രവർത്തന പുരോഗതി വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/9.09.2025) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

**കുടിവെള്ളപദ്ധതിയുടെ വ്യാപ്തി**

ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ 16വാർഡുകളിലായി ആകെ 6553 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 3619കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| വാർഡ് നം. | സ്ഥലം | ആകെ കുടുബങ്ങളുടെ എണ്ണം | ഈ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | മാങ്ങോട് | 430 | 234 |
| 2 | ചെമ്മന്നൂർ | 374 | 198 |
| 3. | പൂതക്കാട് | 315 | 213 |
| 4. | ആറ്റാശ്ശേരി | 387 | 242 |
| 5. | കരിയാമുട്ടി | 479 | 250 |
| 6. | കീഴൂർ വടക്ക് | 572 | 323 |
| 7. | കീഴൂർ തെക്ക് | 489 | 270 |

| | | | |
|---|---|---|---|
| 8. | കീഴൂർ റോഡ് | 495 | 260 |
| 9. | തൃക്കടീരി സെന്റർ | 421 | 234 |
| 10. | തരുവക്കോണം | 432 | 226 |
| 11. | കാരാട്ടുകുറിശ്ശി | 413 | 248 |
| 12. | തൃക്കടീരി ഡിസ്‌പെൻസറി | 388 | 167 |
| 13. | അമ്പലവട്ടം | 266 | 164 |
| 14. | അമ്പലവട്ടം കിഴക്ക് | 269 | 158 |
| 15. | വീരമംഗലം | 461 | 259 |
| 16 | മാങ്ങോട് മില്ലുപടി | 362 | 173 |
| ആകെ | | 6553 | 3619 |

നിലവിൽ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2024 ൽ പൂർത്തിയാകേണ്ട പദ്ധതി പ്രകാരം 2025 സെപ്റ്റംബർ വരെ കണക്ഷൻ നൽകാൻ കഴിഞ്ഞത് 50 % ൽ താഴെ വീടുകൾക്ക് മാത്രമാണ്.

**പദ്ധതിയുടെ പ്രവർത്തനക്ഷമത**

'ജൽജീവൻ മിഷൻ' പദ്ധതി ഗ്രാമപഞ്ചായത്തിൽ ഇതുവരെയും പ്രവർത്തനക്ഷമമായിട്ടില്ല. കുടിവെള്ള പദ്ധതി കമ്മീഷനിംഗ് നടന്നുവരുന്നേയുള്ളൂ എന്നതാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ മറുപടി .

**നിലവിലെ സ്ഥിതി**

ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനാണ് പഞ്ചായത്ത് പദ്ധതി വിഭാവനം ചെയ്യുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ, അംഗണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**ജല ശുദ്ധീകരണം**

നിർമ്മാണ പ്രവൃത്തികൾ, ജല ശുദ്ധീകരണം, ജല ഗുണനിലവാര പരിപാലനം, ചുറ്റുമുള്ള നീർത്തടങ്ങളിലെ മണ്ണ് ജലം ജൈവ സംരക്ഷണം, പരിപാലനം, മഴവെള്ള സംരക്ഷണം, കിണർ റീ ചാർജിങ്ങ് എന്നിവ ഏറ്റെടുത്ത് നടത്തുന്നതിന് വ്യക്തികളെ കണ്ടെത്തി ജല വിതരണമേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടില്ല ജല മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സാങ്കേതികമായ ഇടപെടലുകൾ നടത്തേണ്ട സാഹചര്യം ഇതുവരെ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടായിട്ടില്ല. മലിനജല ശുദ്ധീകരണ പുനരുപയോഗ പരിപാടികൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പിലില്ല.

**തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ വിഹിതം നൽകൽ**

കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ വാട്ടർ അതോറിറ്റിക്ക് (2021-22 മുതൽ തൻവർഷം വരെയുള്ളത്) നാളിതുവരെ കൈമാറിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി എം.പി ഫണ്ട്, മറ്റ് കേന്ദ്ര മന്ത്രാലയങ്ങൾ, കേന്ദ്ര വകുപ്പുകൾക്ക് നൽകുന്ന ഫണ്ടുകൾ, എം.എൽ.എ ഫണ്ട്, മറ്റ് സംഘടനകളിൽ നിന്ന് ലഭിക്കുന്ന തുക/സംഭാവനകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരമുള്ള വിഹിതം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**ജല സ്രോതസ്സിന്റെ വിവരം**

ഗ്രാമ പഞ്ചായത്ത് നേരിട്ട് കുടിവെള്ള പദ്ധതികൾ നടത്തുന്നില്ല. പൊതുടാപ്പുകളും നിലവിലില്ല. ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിൽ 63 കുടിവെള്ള പദ്ധതികൾ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ 12 പൊതുകുളങ്ങളും നിലവിലുണ്ട്. ഇവയുടെ മെയിന്റനൻസിനായി 2024-25 വർഷത്തിലും പദ്ധതിക®  ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

**ജലശുചിത്വ സമിതികൾ**

പഞ്ചായത്തു തലത്തിൽ പദ്ധതി നിർവഹണം സുഗമമാക്കുന്നതിന് സർക്കാർ ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതികൾ രൂപീകരിക്കാൻ നിർദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ജല ശുചിത്വ സമിതികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ജലജീവൻ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ യോഗം ചേരുന്നുണ്ട്.

**നിലവിൽ ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ**

ജലജീവൻ മിഷൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് ഉപയോഗിച്ച് രൂപീകരിക്കുന്നതും മെയിന്റനൻസ് നടത്തിവരുന്നതുമായ റോഡുകൾ കുഴിച്ചാണ് പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. ആയത് റെസ്റ്റോറേഷൻ ചെയ്യാത്തതുമൂലം യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്നതായി വ്യാപകമായി പരാതി ലഭിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ നടത്താത്തത് മൂലം ആസ്തികൾക്ക് കേടുപാടുകൾ സംബന്ധിച്ചിട്ടുണ്ട്. ആയതുമൂലം വാഹന യാത്രക്കാർ അപകടത്തിൽപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾക്ക് അധിക ചെലവ് ഉണ്ടാവുകയും കരാർ കാലാവധിക്കകം നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്യുന്നുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതി രൂപീകരിക്കേണ്ടതും പഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആയതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. കൃത്യമായ പരാതി പരിഹാര സംവിധാനം നടപ്പാക്കി നിലവിൽ കണക്ഷനുക® കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് അടിയന്തിരമായി കണക്ഷൻ നൽകാനും 100% ജല ലഭ്യത ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പദ്ധതി

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെയുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 69000 | 69000 | 0 | - |

2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ആരുമില്ല | - | 0 | 0 | 0 | - |

3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ആരുമില്ല | - | 0 | 0 | 0 | - |

4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ആരുമില്ല | - | 0 | 0 | 0 | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 10.09.2025 മുതൽ 22.09.2025 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 4-3 സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2023-24 | 254600 | 48/25- നെൽ കൃഷി വികസനം (ജനറൽ) | 254600 | 0 |
| | 2024-25 | 390000 | 67/25- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 390000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 100000 | 30/25- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ജനറൽ | 100000 | 0 |
| ആകെ | | 744600 | | 744600 | |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2023-24 | 430140 | 48/25- നെൽ കൃഷി വികസനം | 430140 | 0 |
| | 2024-25 | 400000 | 36/25- ലൈഫ് ഭവനം (എസ്.സി) | 400000 | 0 |
| | 2024-25 | 810000 | 35/25- ലൈഫ് മിഷൻ ഭവന പദ്ധതി -ജനറൽ | 810000 | 0 |
| | 2024-25 | 19900 | 67/25- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 19900 | 0 |
| | 2024-25 | 100000 | 30/25- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ജനറൽ | 100000 | 0 |
| | O.B | 122790 | മുന്നിരിപ്പ് (പദ്ധതി വ്യക്തമല്ല) | 0 | 122790 |
| | 2022-23 | 30000 | ആശ്രയ വിഹിതം | 30000 | 0 |
| ആകെ ജില്ല പഞ്ചായത്ത് | | 1912830 | | 1790040 | 122790 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ ചേർത്ത പ്രൊജക്റ്റ് പ്രകാരം കെ എസ് ഇ ബി ലിമിറ്റഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കിയിട്ടുമുണ്ട്.

| പ്രൊജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഫണ്ട് | ചെലവ് | വൗച്ചർ/ബിൽ നം. &തീ | വിനിയോഗിച്ച തുക |
|---|---|---|---|---|---|---|
| 175/25 (55/24) | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ- സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | 259880.00 | പ്ലാൻ (ജനറൽ) | 259880.00 | 5/11.6.24 | 259880 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്) |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | അലോട്ട്മെന്റ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻ വർഷം തിരി ച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|

| | | | | | | | യുള്ള |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | തുക |
| KURDFC | 1230000272/ 30.01.24 1230000347/ 31.03.24 | 8287743 (2638101 + 5649642) | 13930337 | 0 | 1195830 | - | 12734507 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 129947/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2023-24 | 1-13 തൊഴിൽ നികുതി | 240 | റേഷൻ ഷോപ്പ് – കീഴൂർ | 1240701791/25-9-24 |
| 2023-24 | 1-27 | 129707 | അസിസ്റ്റന്റ് എഞ്ചിനീയർ( ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫീ തുക തനത് ഫണ്ടിലേക്ക് ഒടുക്കിയത്) | 1240701976/19-10-24 |
| | ആകെ | 129947/- | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-10 | 2004-05 | 3.9.1.2.1 | നടപടിക്രമങ്ങൾ പാലിക്കാതെ വാഹന വാടക നൽകി | തീർപ്പാക്കിയിട്ടില്ല |
| 1999-00 | 24 | 1999-00 | 51.1.(ii) | 80721/-രൂപയുടെ 24 ചെലവ് രേഖകൾ ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| 2000-01 | 3-1 | 2000-01 | 2.51.3 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റിക്ക് കൈമാറുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2-1 | 2016-17 | അധ്യായം 1 – വസ്തു നികുതി | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല- അവലോകനം (അനുബന്ധം 3) | തീർപ്പാക്കിയിട്ടില്ല |
| 2014-15 | 2-2 | 2016-17 | അധ്യായം 2 – തൊഴിൽ | തൊഴിൽ നികുതി- അവലോകനം | തീർപ്പാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | നികുതി | അനുബന്ധം 4 | |

## 4-10 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | ₹76893171 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹50651578 |
| വരവിനങ്ങളിലുള്ള നഷ്ടം | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഒന്നുമില്ല.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

------

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഒന്നുമില്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ പി.കെ.ഡി13/1220/22/28-11-22 | 10 |

| | | |
|---|---|---|
| ചെലവ് | | |
| 1997-98 വരവ് | | 1 |
| 1997-98 ചെലവ് | | 7 |
| 1998-99 വരവ് | | 0 |
| 1998-99 ചെലവ് | | 9 |
| 1999-00 | LFP 16-1856/12/4-10-2012 | 27 |
| 2000-01 | | 18 |
| 2001-02 | | 8 |
| 2002-03 | | 8 |
| 2003-04 | | 3 |
| 2004-05 | | 7 |
| 2006-07 | കെ.എസ്.എ പി.കെ.ഡി പി-25/549/22/22-05-24 | 2 |
| 2007-08 | കെ.എസ്.എ പി.കെ.ഡി പി-25 /246/22/23-05-24 | 2 |
| 2008-09 | കെ.എസ്.എ പി.കെ.ഡി പി-25 /246/22/24-05-24 | 1 |
| 2009-10 | കെ.എസ്.എ പി.കെ.ഡി പി-25 /246/22/24-05-24 | 5 |
| 2011-12 | എൽ. എഫ് പി-16-356/14/11-03-2014 | 3 |
| 2012-13 | കെ.എസ്.എ പി.കെ.ഡി പി-25 /246/22/27-05-24 | 5 |
| 2013-14 & 2014-15 | കെ.എസ്.എ പി.കെ.ഡി പി-16/554/16/ 29.6.16 | 6 |
| 2016-17 | കെ.എസ്.എ പി.കെ.ഡി പി-16/1650/2017/5-3-18 | 12 |
| 2017-18 | കെ.എസ്.എ-പികെഡി16/36/2019/04.01.2019 | 4 |
| 2018-19 | നം.കെ.എസ്.എ-പികെഡി പി25/296 /2022/17.05.24 | 5 |
| 2019-20 | കെ.എസ്.എ-പികെഡി പി25/1233/2021. | 15 |
| 2020-21 | കെ.എസ്.എ-പികെഡി പി25/1234/2021/7-10-21 | 17 |
| 2021-22 | കെ.എസ്.എ-പികെഡി 25/263/23 /14.02.2023 | 32 |
| 2022-23 | കെ.എസ്.എ.പി.കെ.ഡി.പി-25 /1883 /11.03.24 | 12 |
| 2023-24 | കെ.എസ്.എ.പി.കെ.ഡി.പി-25 /1156 /23.09.24 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 31-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thrikkadeeri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thrikkadeeri Grama Panchayat as on 31-03-2025

**Date: 10/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Thrikkadeeri Grama Panchayat for the Year 2024-2025.

### 1.Major Observations

-

### 2.Other Observations

1 cash flow statement is not accurate.

2. Asset Register not updated.
3 Bank book balance entered in bank reconcilation statement is not correct.
4 stale cheques included in bank reconcilation statement.
5 Advance register not completed.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## വാർഷികകണക്കുകളുടെ സംക്ഷിപ്തം

| Thrikkadeeri Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32573654.00 |
| Cash | Cash | RP-40(a) | 141063.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1110632.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 2837037.00 |
| 150000000 | Sale & Hire Charges | RP-5 | 20272.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 16145184.00 |
| 171000000 | Interest Earned | RP-9 | 173567.00 |
| 190000000 | Prior Period Income | RP-11 | 7144.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17561767.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5145664.00 |
| 460000000 | Loans, Advances and Deposits | RP-49 | 40643.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 131947.00 |
| 340000000 | Deposits Received | RP-33 | 22499.00 |
| 350000000 | Other Liabilities | RP-35 | 972598.00 |
| | Grand total | | 76893171.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 8050.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 51339.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 4750.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11812176.00 |
| 460000000 | Loans, Advances and Deposits | RP-49 | 821130.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 33025.00 |
| 350000000 | Other Liabilities | RP-35 | 37921108.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26152827.00 |
| Cash | Cash | RP-40(b) | 88766.00 |
| | Grand Total | | 76893171.00 |

| Thrikkadeeri Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5827055.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 73556.00 |
| 140000000 | Fee & User Charges | I-4 | 2805181.00 |
| 150000000 | Sale & Hire Charges | I-5 | 23198.00 |
| 151000000 | Receipts from Transferred Institutions | I-5(A) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 135706327.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 173567.00 |
| 180000000 | Other Income | I-9 | 131947.00 |
| 190000000 | Prior Period Income | I-19 | 797918.00 |
| | Total Income | | 144740831.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11382003.00 |
| 220000000 | Administrative Expenses | I-11 | 789669.00 |
| 230000000 | Operations & Maintenance | I-12 | 1780514.00 |
| 240000000 | Interest & Finance Charges | I-13 | 8890.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6032092.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 29440978.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12162383.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 21469407.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 53300600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1345753.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 137712289.00 |
| | Gross Surplus / Deficit of income over Expenditure | | 7028542.00 |
| | Gross Surplus / Deficit of income over Expenditure | | 7329611.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 496849.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 301069.00 |

| | | | |
|---|---|---|---|
| Thrikkadeeri Grama Panchayat BALANCE SHEET | | | |
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -19361275.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2853859.00 |
| 312000000 | Reserves | B-3 | 86720922.00 |
| | Total Reserve & Surplus | | 70213506.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 26402339.00 |
| | Total Grants, Contributions for Specific Purposes | | 26402339.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12734507.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 12734507.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 71777.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1581367.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1653144.00 |
| | TOTAL LIABILITIES | | 111003496.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 231200.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 69497.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 29028072.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 88342105.00 |
| 416000000 | Accumulated Depreciation | B-11(a) | -55039966.00 |
| | Total Fixed Assets | | 62630908.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 11872116.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 7345256.00 |
| 450000000 | Cash and Bank Balance | B-17 | 26241593.00 |
| 460000000 | Loans, Advances and Deposits | B-18 | 2913623.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 48372588.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |

| | | |
|---|---|---|
| | Total Miscellaneous Expenditure (To the Extent not written off) | 0.0 |
| | TOTAL ASSETS | 111003496.00 |